കേരള സർക്കാർ

# ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ – സി) വകുപ്പ്

## സർക്കുലർ

നമ്പർ 16160/ഉപസി3/08/ഉഭപവ. തിരുവനന്തപുരം, 2009 ഏപ്രിൽ 8.

വിഷയം :- സർക്കാർ ജീവനക്കാർ – പാർലമെന്റ് അംഗങ്ങളോടും സംസ്ഥാന നിയമസഭാ സാമാജികരോടും ഉള്ള ഇടപെടൽ – ആദരവ് പ്രകടിപ്പിക്കൽ – നിർദ്ദേശങ്ങൾ സംബനധിച്ച് –

സൂചന :-
1. 30..06..1975 ലെ 134160/എസ്.ഡി–3/74/പി.ഡി. നമ്പർ സർക്കുലർ.
2. 14–10–1988 ലെ 14958/ഉപദേശ സി3/88/ഉ.ഭപവ. നമ്പർ സർക്കുലർ.
3. 30–05–2002 ലെ 5913/ഉപസി3/2002/ഉഭപവ. നമ്പർ സർക്കുലർ.

നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ പാർലമെന്റ് അംഗങ്ങളും സംസ്ഥാന നിയമസഭാ സാമാജികന്മാരും അംഗീകൃത ജനപ്രതിനിധികൾ എന്ന നിലയിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് വഹിക്കുന്നത്. ഭരണഘടനാപരമായി അവർക്ക് പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കാനുണ്ട്. സർക്കാർ ആഫീസുകളിൽ നിന്ന് വിവരങ്ങൾ ആരായേണ്ട ആവശ്യവും അവർക്ക് ഉണ്ടാകാം. പാർലമെന്റ് അംഗങ്ങളും നിയമസഭാ സാമാജികരും ഉദ്യോഗസ്ഥന്മാരുമായി കൂടിക്കാഴ്ച നടത്തേണ്ടതായും വരും. ഇതോടനുബന്ധിച്ച് എം.പി./എം.എൽ.എ.മാരും സർക്കാർ ജീവനക്കാരും തമ്മിലുള്ള ബന്ധം ക്രമീകരിക്കുന്നതിനായി ഏതാനും അംഗീകൃത തത്വങ്ങളും കീഴ്നടപ്പുകളും വ്യവസ്ഥാപിതമായിട്ടുണ്ട്. ഈ തത്വങ്ങളും കീഴ്നടപ്പുകളും സർക്കാർ സൂചന ഒന്നിലെ സർക്കുലറിലൂടെ എല്ലാവരെയും അറിയിച്ചിട്ടുണ്ട്. മേൽ മാർഗഭഗനിർദ്ദേശങ്ങൾ സൂചന 2 ലെയും സൂചന 3 ലെയും സർക്കുലറുകൾ മുഖേന വീണ്ടും പുറപ്പെടുവിച്ചിരുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ചില ഉദ്യോഗസ്ഥന്മാർ വീഴ്ച വരുത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പാർലമെന്റ് അംഗങ്ങളും നിയമസഭാ സാമാജികരും സർക്കാർ ജീവനക്കാരും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കേണ്ട തത്വങ്ങളും കീഴ്നടപ്പുകളും ആവർത്തിച്ച് വിശദമാക്കേണ്ടതുണ്ട്. ആയതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

സർക്കാർ ജീവനക്കാർ പാർലമെന്റ് അംഗങ്ങളോടും നിയമസഭാ സാമാജികരോടും ആദരവു പ്രകടിപപിക്കുകയും അവർക്ക് പരമാവധി പരിഗണന നൽകുകയും ചെയ്യേണ്ടതാണ്. അവരോടുള്ള പെരുമാറ്റം എപ്പോഴും വളരെ മാന്യമായ രീതിയിലായിരിക്കണം. പാർലമെന്റ് അംഗങ്ങളും നിയമസഭാ സാമാജികന്മാരും പറയുന്നത് ശ്രദ്ധാപൂർവ്വവും ക്ഷമയോടും കൂടി കേൾക്കേണ്ടതും അവർ അന്വേഷിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച മറുപടി വളരെ വിനയത്തോടും ആദരവോടും കൂടി പറയേണ്ടതുമാണ്. ഭരണഘടനാ പരമായിട്ടുള്ള അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായിക്കുക എന്നത് ഓരോ ഉദ്യോഗസ്ഥന്റെയും കടമയാണ്. ഒരംഗത്തിന്റെ അഭ്യർത്ഥനയോ നിർദ്ദേശമോ ആയി യോജിക്കാൻ ഒരു ഉദ്യോഗസ്ഥന് കഴിയാതെ വരുന്ന സന്ദർഭത്തിൽ അതിനുള്ള കാരണങ്ങൾ ആദരപൂർവ്വം അംഗത്തിന് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

എല്ലാ ഉദ്യോഗസ്ഥരും ഓരോ ദിവസവും ഏതാനും സമയം സന്ദർശകരെ കാണുന്നതിനായി മാറ്റിവയ്ക്കേണ്ടതാണ്. ഈ സമയത്തും, മറ്റ് ഓഫീസ് സമയത്തും പാർലമെന്റംഗങ്ങൾക്കും നിയമസഭാ സാമാജികർക്കും മുൻഗണന നൽകേണ്ടതാണ്. പാർലമെന്റംഗങ്ങളും നിയമസഭാ സാമാജികരും ഓഫീസിൽ തന്നെക്കാണാൻ വരുമ്പോഴും

യാത്രയാക്കുമ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് നിൽക്കേണ്ടതാണ്.

അതുപോലെ പൊതു പരിപാടികളിൽ ഇരിപ്പിടം ഒരുക്കുമ്പോൾ എല്ലായ്പ്പോഴും വളരെയേറെ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതും ഇക്കാര്യത്തിൽ യാതൊരു തെറ്റിദ്ധാരണയ്ക്കും ഇടയില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. എം.പി./എം.എൽ.എ.മാരുടെ പദവിയെപ്പറ്റി 23-01-1996 ലെ 66398/പൊളിറ്റിക്കൽ/95/ജി.എ.ഡി. നമ്പർ സർക്കാർ വിജ്ഞാപനത്തിൽ പുറപ്പെടുവിച്ച മുൻഗണനാക്രമത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം എം.പി.മാരെ ആർട്ടിക്കിൾ 21 എ യിലും എം.എൽ.എ.മാരെ ആർട്ടിക്കിൾ 21 ബി യിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പാർലമെന്റംഗങ്ങളിൽ നിന്നും നിയമസഭാ സാമാജികന്മാരിൽ നിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കട്ടത്യമായും നൽകേണ്ടതാണ്. അത്തരത്തിലുള്ള എല്ലാ കത്തുകൾക്കും ശ്രദ്ധാപൂർവ്വമായ പരിഗണന നൽകേണ്ടതും എത്രയുംവേഗം അനുയോജ്യമായ തലത്തിലും അവയ്ക്ക് മറുപടി നൽകേണ്ടതുമാണ്. പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങളുടെ വിവരങ്ങളും സ്ഥിതി വിവരക്കണക്കുകളും എം.പി.മാരും എം.എൽ.എ.മാരും ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉടൻ ലഭ്യമായിട്ടുള്ളതും രഹസ്യ സ്വഭാവമില്ലാത്തതുമായ വിവരങ്ങൾ അവർക്ക് നൽകേണ്ടതാണ്. സംശയമുള്ള സംഗതികളിൽ, അഭ്യർത്ഥന നിരസിക്കുന്നതിനു മുമ്പായി, മേലധികാരികളിൽ നിന്നുള്ള നിർദ്ദേശം വാങ്ങിക്കേണ്ടതാണ്.

**ഡോ. ധരം വീർ,**
പ്രിൻസിപ്പൽ സെക്രട്ടറി.

ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും.
പൊതുമേഖലാ സ്ഥാപനങ്ങളുടേയും, കമ്പനികളുടേയും, കോർപ്പറേഷനുകളുടേയും ചീഫ് എക്സിക്യൂട്ടീവുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും, ഉദ്യോഗസ്ഥർക്കും.
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.
ഡയറക്ടർ ഓഫ് പബ്ളിക് റിലേഷൻസ്.
പൊതുഭരണ (എസ്.സി.) വകുപ്പിന്.
സെക്രട്ടറി, പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.